**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 30.10.2023**

# "സാമ്പത്തിക തട്ടിപ്പ് നടത്തിയതിന് ബാങ്ക് മാനേജരെയും, കാഷ്യറെയും കഠിന തടവിന് ശിക്ഷിച്ചു."

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ അർബൻ ബാങ്കിലെ മാനേജറായിരുന്ന സരള കുമാരിയെയും, കാഷ്യറായിരുന്ന മൻമഥനെയും പണാപഹരണം നടത്തിയതിന് 2 വർഷം വീതം കഠിന തടവിനും, 60,000/- രൂപ വീതം പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

1996-2003 കാലഘട്ടത്തിൽ ബാങ്ക് മാനേജറായിരുന്ന സരളകുമാരി, കാഷ്യർ മൻമഥൻ എന്നിവർ ബാങ്കിന്റെ ദിവസം തോറുമുള്ള പിരിവിലും, ലോണുകളിലും, 9 ഉണഭോക്താക്കളുടെ അക്കൗണ്ടുകളിലും തിരിമറി നടത്തി ഉണഭോക്താക്കളറിയാതെ ആകെ 3,35,000/- രൂപ ക്രമക്കേട് നടത്തിയതിന് മുൻ കോട്ടയം വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. സി. എ. ഡൊമിനിക് രജിസ്റ്റർ ചെയ്ത കേസ്സിലാണ് പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തിയത്. മുൻ ഡി.വൈ.എസ്.പി ശ്രീ.  ജോണി മാത്യൂ അന്വേഷണം നടത്തി, മുൻ ഡി.വൈ.എസ്.പി ശ്രീ. പി. കൃഷ്ണകുമാർ കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതികളായ സരള കുമാരിയും, മൻമഥനും കുറ്റക്കാരാണെന്ന് കണ്ടെത്തി കോട്ടയം വിജിലൻസ് കോടതി ഓരോ പ്രതികളെയും 2 വർഷം വീതം കഠിന തടവിനും, 60,000/- രൂപ വീതം പിഴ ഒടുക്കുന്നതിനും ഇന്ന് (30/10/2023) ശിക്ഷിച്ചത്. പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. രാജ് മോഹൻ. ആർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ്

ഡയററ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.